"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - ചാലക്കുടി- ആനമല റോഡിന്റെ പുനരുദ്ധാരണ പ്രവർത്തിയുമായി ബന്ധപ്പെട്ട് ശ്രീ. മാത്യു കെ. ജെ ഫയൽ ചെയ്ത RFA 654/2007 in OS 286/2003 കേസിലെ വിധിതുക അനുവദിച്ച് ഭരണാനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.296/2025/PWD തീയതി,തിരുവനന്തപുരം, 27-02-2025

---

പരാമർശം:-

1) ബഹു. നോർത്ത് പറവൂർ അഡിഷണൽ സബ് കോടതിയിലെ OS 286/2003 കേസിലെ 31-01-2007 തീയതിയിലെ വിധി.

2) ബഹു. കേരള ഹൈക്കോടതിയിലെ RFA 654/2007 in OS 286/2003 കേസിലെ 20- 12-2023 തിയതിയിലെ വിധി.

3) ബഹു. നോർത്ത് പറവൂർ അഡിഷണൽ സബ് കോടതിയിലെ EP 74/2024 in RFA 654/2007 & OS 286/2003 നമ്പർ കേസ്

4) പെറ്റിഷൻ SLP Diary No.53328/2024 കേസിലെ 13-12-2024 തീയതിയിലെ വിധി.

5) പൊതുമരാമത്തു നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 06-01-2025 ലെ No.CEPWD/23253/2024-FR4(F)-RD നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ബഹു. നോർത്ത് പറവൂർ അഡിഷണൽ സബ് കോടതിയിൽ ശ്രീ മാത്യു കെ ജെ ഫയൽ ചെയ്ത കേസ് പരാമർശം (1) പ്രകാരം തള്ളി ഉത്തരവായിരുന്നു. മേൽ ഉത്തരവിനെതിരെ പരാമർശം (2) പ്രകാരം, 12-09-1997 തീയതിയിൽ കരാറിലേർപ്പെട്ട ചാലക്കുടി ആനമല റോഡിന്റെ പുനരുദ്ധാരണ പ്രവർത്തിയുടെ തുക നൽകിയതുമായി ബന്ധപ്പെട്ട ഡിക്രി തുകയായി 2,90,085/- രൂപയും, മേൽ തുകക്ക് OS 286/2003 സ്യൂട്ട് തീയതിയായ 17-10-2003 മുതൽ 6% ശതമാനം

പലിശയും കൂടി നൽകുന്നതിന് ബഹു. കേരള ഹൈക്കോടതി ഉത്തരവായിരിക്കുന്നു കൂടാതെ ആനുപാതികമായ കോടതി ചിലവ് നൽകുന്നതിനും നിർദ്ദേശിച്ചിരിക്കുന്നു. മേൽ കേസിലെ വിധി നടപ്പാക്കുന്നതിനായി ബഹു. നോർത്ത് പറവൂർ അഡിഷണൽ സബ് കോടതിയിൽ ശ്രീ. മാത്യു കെ. ജെ പരാമർശം (3) പ്രകാരം കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്.

2. ബഹു. കേരള ഹൈക്കോടതിയിൽ ശ്രീ. മാത്യൂ കെ. ജെ ഫയൽ ചെയ്ത RFA 654/2007 in OS 286/2003 കേസിലെ പരാമർശം (2) പ്രകാരമുള്ള വിധിക്കെതിരെ ബഹു. സുപ്രിം കോടതിയിൽ സർക്കാർ സമർപ്പിച്ച സ്പെഷ്യൽ ലിവ് പെറ്റിഷൻ പരാമർശം (4) പ്രകാരം ഡിസ്മിസ്സ് ചെയ്ത് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ബഹു. നോർത്ത് പറവൂർ അഡിഷണൽ സബ് കോടതിയിൽ ശ്രീ. മാത്യൂ കെ. ജെ ഫയൽ ചെയ്ത പരാമർശം (3) പ്രകാരമുള്ള കേസിൽ RFA 654/2007 in OS 286/2003 കേസിലെ വിധിക്കടം അടക്കേണ്ടതുണ്ടെന്നും കൂടാതെ ആനുപാതികമായ കോസ്റ്റ് നൽകുന്നതിനും RFA 654/2007 ഉത്തരവിൽ നിർദ്ദേശമുണ്ടെന്നും മേൽ പരാമർശം (5) പ്രകാരം നിരത്ത് വിഭാഗം ചീഫ് എൻജിനീയർ അറിയിച്ചിരുന്നു.

3. മേൽ കേസിൽ കോടതി ചിലവ് ബന്ധപ്പെട്ട ഗവൺമെൻറ് പ്ലീഡർ കണക്കാക്കി നൽകിയിട്ടില്ലാത്തതിനാൽ, പരാമർശം (3) പ്രകാരമുള്ള കേസിലെ അപേക്ഷയിൽ കോടതി ചിലവായി പെറ്റിഷണർ സൂചിപ്പിച്ച 62,264/- രൂപയുടെ അടിസ്ഥാനത്തിൽ മേൽ തുകയും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, മേൽ കോടതി ചിലവ് തുക ബന്ധപ്പെട്ട ഗവൺമെൻറ് പ്ലീഡർ കണക്കാക്കി നൽകുന്നതിന് വിധേയമായി ബഹു. കോടതിയിൽ അടവാക്കുന്നതാണ് എന്ന് നിരത്ത് വിഭാഗം ചീഫ് എൻജിനീയർ അറിയിച്ചിട്ടുണ്ട്. മേൽ കേസിൽ ബഹു. കേരള ഹൈക്കോടതി വിധി അടിയന്തരമായി പാലിക്കേണ്ടതുള്ളതിനാൽ, സർക്കാരിൽ നിന്ന് വിധിക്കടം അനുവദിക്കാനായി എടുക്കുന്ന ഏകദേശ സമയ പരിധിയുടെ അടിസ്ഥാനത്തിൽ 31-03-2025 വരെ കണക്കാക്കിയ കാൽക്കുലേഷൻ ചുവടെ ചേർത്തിരിക്കുന്നു .

- ബഹു. ഹൈക്കോടതി അനുവദിച്ച വിധിക്കടം-₹2,90,085/-
- 17-10-2003 മുതൽ 31-03-2025 വരെ 6% (7837 Days)- ₹3,73,709/-
- EP 74/2024 കേസിൽ പെറ്റിഷണർ സൂചിപ്പിച്ച കോടതി ചിലവ്- ₹62,264/-
- ആകെ കണക്കാക്കിയ വിധിക്കടത്തുക- ₹7,26,058/-

4) മേൽ പ്രവർത്തിക്ക് 5054-03-337-98 എന്ന ഹെഡ് ഓഫ് അക്കൗണ്ടിലാണ് 10-03-1997 തിയതിയിൽ പൊതുമരാമത്ത് നിരത്തുകൾ ചീഫ് എൻജിനീയർ ഭരണാനുമതി

നൽകിയിട്ടുള്ളത്. പരാമർശം (3) പ്രകാരം ജപ്തി നടപടികൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാലും, മേൽ പ്രകാരം കണക്കാക്കിയ വിധിക്കടത്തുകയായ 7,26,058/- രൂപ അനുവദിക്കുന്നതിനുള്ള അടിയന്തര തുടർനടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (5) പ്രകാരം  ചീഫ് എഞ്ചിനീയർ അപേക്ഷിച്ചിരിക്കുന്നു.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻറ അടിസ്ഥാനത്തിൽ ചാലക്കുടി ആനമല റോഡിന്റെ പുനരുദ്ധാരണ പ്രവർത്തിയുമായി ബന്ധപ്പെട്ട്ശ്രീ. മാത്യ കെ. ജെ ഫയൽ ചെയ്ത RFA 654/2007 in OS 286/2003 കേസിലെ വിധിക്കടതുക ആയ 7,26,058/- (എഴ് ലക്ഷത്തി ഇരുപത്തി ആറായിരത്തി അൻപത്തി എട്ട് രൂപ മാത്രം) രൂപ 5054-03-337-98-00-16-(P)-(C) എന്ന ശീർഷകത്തിൽ അനുവദിച്ച് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

6)  വിധിക്കട തുക അനുവദിക്കുന്നതിന് മുൻപ് കണക്കുകളുടെ കൃത്യത ചീഫ് എഞ്ചിനീയർ തലത്തിൽ പരിശോധിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

ചീഫ് എൻജിനീയർ (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.

സൂപ്രണ്ടിംഗ് എൻജിനീയർ (നിരത്ത് വിഭാഗം), സെൻട്രൽ സർക്കിൾ,ആലുവ.

എക്സിക്യൂട്ടീവ് എഞ്ചിനിയർ, (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്,തൃശ്ശൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ/ഓഡിറ്റ്), കേരളം, തിരുവന്തപുരം.

ധനകാര്യ വകുപ്പ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Savitha .o.d
Date: 27-02-2025 12:28:00

സെക്ഷൻ ഓഫീസർ.